## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **724**

**28/09/2011** ൽ മറുപടിയ്ക്ക്

## ആയുർവേദ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.റ്റി.എ.റഹീം | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആയുർവേദ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകളിൽ ആകെ എത്ര സീറ്റാണ് നിലവിലുള്ളത്;അവയിൽ പിന്നോക്ക സമുദായത്തിന് സീറ്റ് സംവരണം നൽകിയിട്ടുണ്ടോ; | (എ) | ആയുർവേദ മെഡിക്കൽ പി.ജി.കോഴ്സിൽ കഴിഞ്ഞവർഷം (2010-2011) 120 സീറ്റാണ് ഉണ്ടായിരുന്നത്. എന്നാൽ ഈ വർഷം (2011-2012) കേന്ദ്ര സർക്കാരിൽ നിന്നും വിവിധ സ്പെഷ്യാലിറ്റികളിലായി 100 സീറ്റുകളിൽ അഡ്മിഷൻ നടത്താനുള്ള അനുമതി മാത്രമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. പിന്നോക്ക സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കോഴ്സുകളിൽ വിവിധ വിഭാഗങ്ങൾക്കായി എത്ര ശതമാനം സീറ്റാണ് നൽകുന്നതെന്നു വ്യക്തമാക്കാമോ; | (ബി) | വിവിധ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| കേരളത്തിന് പുറത്തുള്ളവർക്ക് | - | കേന്ദ്ര സഹായത്തോടുകൂടി നടത്തുന്ന പി.ജി.കോഴ്സുകളുടെ 50% സീറ്റ്. |
| അദ്ധ്യാപകർക്ക് | - | 15 സീറ്റ് |
| മെഡിക്കൽ ഓഫീസർ | - | 4 സീറ്റ് |
| ലക്ഷദ്വീപ് | - | 1 സീറ്റ് |
| വികലാംഗർ | - | സംസ്ഥാന ക്വാട്ടയുടെ 3% സീറ്റ് |
| എസ്.സി./എസ്.റ്റി | - | സംസ്ഥാന ക്വാട്ടയിൽ വികലാംഗർക്കു നീക്കിവച്ചിട്ടുള്ള 3% സംവരണം കുറച്ചശേഷമുള്ള സീറ്റിന്റെ 10% (എസ്.സി-8%, |

എസ്.റ്റി–2%)

എസ്.ഇ.ബി.സി. - സംസ്ഥാന ക്വാട്ടയിൽ വികലാംഗർക്ക് നീക്കിവച്ചിട്ടുള്ള 3% സംവരണം കുറച്ചശേഷമുള്ള സംസ്ഥാനക്വാട്ടയുടെ 9%.

| | | | |
|---|---|---|---|
| (സി) | അപ്രകാരം ശതമാനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; | (സി) | ഇതര മെഡിക്കൽ സയൻസ് വിഭാഗങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിലയിലും, കേന്ദ്ര സർക്കാർ ഉത്തരവ് അനുസരിച്ചുമാണ് ശതമാനം നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | 50% വരെ സംവരണമാകാമെന്ന വ്യവസ്ഥ പാലിക്കാതിരിക്കാൻ കാരണമെന്താണ്; | (ഡി) | പോസ്റ്റ് ഗ്രാഡുവേറ്റ് പ്രൊഫഷണൽ കോഴ്സിന് സംസ്ഥാന ക്വാട്ടയുടെ 3% വികലാംഗർക്കും, വികലാംഗർക്കു നീക്കിവച്ചതിനു ശേഷമുള്ള സീറ്റുകളുടെ 10% എസ്.സി/എസ്.റ്റി. വിഭാഗങ്ങൾക്കും 9% എസ്.ഇ.ബി.സി. വിഭാഗങ്ങൾക്കും, സംവരണം ചെയ്തിട്ടുണ്ട്. ഇതര മെഡിക്കൽ സയൻസ് വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള തോതിലും കേന്ദ്ര സംസ്ഥാന സർക്കാർ ഉത്തരവുകൾ അനുസരിച്ചുമാണ് പ്രസ്തുത ശതമാനം നിശ്ചയിച്ചിട്ടുള്ളത്. |
| (ഇ) | ഡിഗ്രി കോഴ്സിന് നൽകുന്നതു പോലെ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സിനും സംവരണം നൽകുന്നതിന് നിയമ തടസ്സമുണ്ടോ? | (ഇ) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ